"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പി.എം.എ.വൈ(നഗരം)-നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും, നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും, ഭവനനിർമ്മാണാനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി ഇ ) വകുപ്പ്

സ.ഉ.(സാധാ) നം.1352/2023/LSGD തീയതി,തിരുവനന്തപുരം, 01-07-2023

പരാമർശം:-
1. 15/11/2022 ലെ സ ഉ (സാധാ) നം . 2808/2022/തസ്വഭവ.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.02.2023 ലെ എൽഎം.6/3299/2022/പി.എം.എ. വൈ/ലൈഫ് നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 198.06.2023 ലെ പിഡി /39099/2023-ഡിപിഎൽഡി1 നമ്പർ കത്ത്.

ഉത്തരവ്

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താവ് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഭൂമിയാർജ്ജിക്കുന്ന പക്ഷം ഗുണഭോക്താവിനെ തെരെഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പി.എം.എ. വൈ (നഗരം) ലൈഫ് ഭവന പദ്ധതി മാനദണ്ഡ പ്രകാരം നഗരസഭകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ നിലവിൽ ഭവനനിർമ്മാണാനുകൂല്യം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും, ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ ജിയോ ടാഗ് ചെയ്യേണ്ടതുള്ളതിനാലും, നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാമർശം (2 പ്രകാരം സി ഇ ഒ ലൈഫ് മിഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും, പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആയത് ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരസഭകളിൽ ഡി.പി.ആർ കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും, നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും, ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. നഗരസഭകളിലെ ഡി.പി.ആർ.കളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കും നഗരസഭകൾ അംഗീകരിച്ച് ലൈഫ് മാനദണ്ഡ പ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിനായി നഗരസഭകൾക്ക് പ്രത്യേകം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ii. ഇപ്രകാരം പ്രോജക്ട് തയ്യാറാക്കുമ്പോൾ പൊതു/ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും ലൈഫ് ഭവന പദ്ധതി നിരക്കായ 4 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. സങ്കേതങ്ങളിൽ ഭൂമി കണ്ടെത്തുന്ന പട്ടികവർഗ്ഗക്കാർക്കായി 6 ലക്ഷം രൂപ വകയിരുത്താവുന്നതാണ്.

iii. ഭവന നിർമ്മാണാനുകൂല്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടുന്ന 4 ലക്ഷം രൂപയിൽ 3 ലക്ഷം രൂപ നഗരസഭാ വിഹിതവും 1 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായിരിക്കുന്നതാണ്. മതിയായ ഫണ്ടുകൾ, നഗരസഭകൾക്ക് വികസന ഫണ്ടോ തനത് ഫണ്ടോ ഇതിലേക്കായി വിനിയോഗിക്കാവുന്നതാണ്. മതിയായ ഫണ്ടില്ലാത്ത നഗരസഭകൾക്ക് പി.എം.എ.വൈ.(നഗരം) ലൈഫ് മാതൃകയിൽ 2 ലക്ഷം രൂപ വീതം ഓരോ ഗുണഭോക്താവിനും ഹഡ്കോ വായ്പയായി സ്വീകരിച്ചു കൊണ്ട് പദ്ധതി ഏറ്റെടുക്കേണ്ടതാണ്.

iv. സംസ്ഥാന വിഹിതം ലൈഫ് മിഷന്റെ "4217-60-051-95- സമ്പൂർണ്ണ ഭവന പദ്ധതി നഗരം (ലൈഫ് പാർപ്പിട മിഷൻ) " എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

v. ലൈഫ് ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി എന്നിവ പ്രകാരം 90 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഭവന നിർമ്മാണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

vi. നഗരസഭകളിലെ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തോ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലോ നടത്തുന്ന ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ ജിയോ ടാഗ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഭവനനിർമ്മാണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു.

സ.ഉ.(സാധാ) നം.1352/2023/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 01-07-2023 11:13:01

സെക്ഷൻ ഓഫീസർ